# ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : കെ.ജി.മോഹൻലാൽ

വിഷയം:- വനംവകുപ്പ് - ജീവനക്കാര്യം-വനം വകുപ്പിലെ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകളുടെ 10% താഴ്ന്ന ശമ്പളസ്കെയിലിൽപ്പെട്ട ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴി നിയമനങ്ങൾ നൽകുന്നതിനായി തയ്യാറാക്കിയ അന്തിമ സംസ്ഥാനതല സെലക്റ്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതു - സംബന്ധിച്ച്.

സൂചന:-
1. 03.01.2014-ലെ സ.ഉ.(പി) നമ്പർ 01/14/ ഉ.ഭ.പ.വ
2. 19.07.2014-ലെ സ.ഉ.(പി) നമ്പർ:21/2014/ഉ.ഭ.പ.വ.
3. 28.05.2015-ലെ സ.ഉ(പി) നമ്പർ:16/2015/ഉ.ഭ.പ.വ.
4. ഈ ഓഫീസിലെ 14.12.2015-ലെ ഇ2-1830/2014 നമ്പർ ഉത്തരവ്.

Upload
1/2/16

ACF (G&S)

**ഉത്തരവ് നമ്പർ ഇ2-1830/2014 തീയതി : 30/01/2016**

വിവിധ വകുപ്പുകളിലെ ലോവർ ഡിവിഷൻ ക്ലാർക്ക്/ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്, തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനം അതാത് വകുപ്പുകളിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പള സ്കെയിലിലുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും ആദ്യ നിയമന തസ്തികയിലെ സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ അതാത് വകുപ്പിലെ എൽ.ഡി.ക്ലാർക്ക്, എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് അനുമതി നൽകികൊണ്ട് സൂചന (1) (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അപ്രകാരം തസ്തികമാറ്റ നിയമനത്തിനായി 10% ഒഴിവുകൾ ജില്ലാതലത്തിൽ കണ്ടെത്തുവാനാണ് നിഷ്കർഷിച്ചിരുന്നത്. എന്നാൽ ജില്ലാ/മേഖലാ തലത്തിൽ 10% എൽ.ഡി.ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളുടെ ഒഴിവുകൾ തസ്തികമാറ്റ നിയമനത്തിനായി മാറ്റിവയ്ക്കാൻ കഴിയാത്ത വകുപ്പുകളിൽ ടി തസ്തികകളുടെ സംസ്ഥാനതല അംഗബലം കണക്കാക്കി സംസ്ഥാന തലത്തിലുണ്ടാകുന്ന ആകെ ഒഴിവുകളുടെ 10% തസ്തികമാറ്റ നിയമനത്തിനായി നീക്കിവയ്ക്കാനും ഓരോ വകുപ്പിലേയും എൽ.ഡി.ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളുടെ സംസ്ഥാന തലത്തിലുള്ള അംഗബലത്തിന്റെ 10%ൽ ഇപ്രകാരമുള്ള

തസ്തികമാറ്റ നിയമനം എത്തിച്ചേരുന്നതുവരെ തുടരാനും നിയമനാധികാരികൾക്ക് അനുമതി നല്കികൊണ്ട് സൂചന (3) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

എൽ.ഡി.ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലേക്കുള്ള തസ്തികമാറ്റ നിയമനത്തിനായി താഴ്ന്ന ശമ്പള സ്കെയിലിലെ (പാർട്ട് ടൈം തസ്തികകൾ ഒഴികെ) ജീവനക്കാരുടെ സീനിയോറിറ്റി എൻട്രി കേഡറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല സംയോജിത സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുവാൻ സൂചന(3) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

വനം വകുപ്പിൽ എല്ലാ ജില്ലകളിലും/മേഖലകളിലും എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളുടെ നിലവിലുള്ള അംഗബലത്തിന്റെ അടിസ്ഥാനത്തിൽ 10% ഒഴിവുകൾ നീക്കി വയ്ക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ വനം വകുപ്പിലെ സംസ്ഥാനതലത്തിലുള്ള എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളുടെ അംഗബലത്തിന്റെ 10% ഒഴിവുകളിലേക്ക് തസ്തികമാറ്റ നിയമനം ലഭിക്കുന്നതിനു യോഗ്യരായ ജീവനക്കാരുടെ അപേക്ഷകൾ എല്ലാ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരിൽ നിന്നും ലഭ്യമാക്കി സൂചന (4) പ്രകാരം സംസ്ഥാനതല താത്ക്കാലിക സെലക്റ്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു.

താത്ക്കാലിക സംയോജിത സംസ്ഥാനതല സെലക്റ്റ് ലിസ്റ്റ് ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും നൽകി സീനിയോറിറ്റി സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമോ, പരാതിയോ, ഉണ്ടെങ്കിൽ ആയതും യോഗ്യരായ ആരുടെയെങ്കിലും പേര് വിട്ടുപോയിട്ടുണ്ടെങ്കിൽ ആയതും ഈ ഉത്തരവ് വനംവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ രേഖാമൂലം മേലധികാരി മുഖേന ആധികാരിക രേഖകൾ സഹിതം ഈ ഓഫീസിൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. അപ്രകാരം ലഭ്യമായ പരാതികളിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം നേടാൻ യോഗ്യരായ ജീവനക്കാരുടെ അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധിച്ച് സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും യോഗ്യത നേടിയിട്ടില്ലാത്ത ജീവനക്കാരുടെ അപേക്ഷകൾ നിരസിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വനംവകുപ്പിലെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലുണ്ടാകുന്ന ഒഴിവുകളുടെ 10% ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും, സബോർഡിനേറ്റ് സർവ്വീസിലെ മറ്റ് താഴ്ന്ന ശമ്പള സ്കെയിലിൽ വരുന്ന ജീവനക്കാർക്കും തസ്തികമാറ്റം വഴി നിയമനം നൽകുന്നതിനായി തയ്യാറാക്കി സൂചന (4) പ്രകാരം പ്രസിദ്ധീകരിച്ച സംസ്ഥാനതല താൽക്കാലിക സംയോജിത സീനിയോറിറ്റി ലിസ്റ്റിലെ അപാകതകൾ സംബന്ധിച്ച് ലഭ്യമായ പരാതികൾ/അപ്പീലുകൾ ചട്ടപ്രകാരം പരിശോധിച്ച് അന്തിമ രൂപം നൽകിയ അന്തിമ സംസ്ഥാനതല സംയോജിത സെലക്ട് ലിസ്റ്റ് അനുബന്ധമായി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്
കൺസർവേറ്റർ (ഭരണം)

പകർപ്പ്:
1. ബന്ധപ്പെട്ട വ്യക്തികൾക്ക് മേലധികാരികൾ മുഖേന.
2. വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലേക്ക്.
3. എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ / ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ / ഫോറസ്റ്റ് കൺസർവേറ്റർമാർക്കും
4. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ / വൈൽഡ്‌ലൈഫ് വാർഡൻമാർക്കും

   [illegible] അറിവിലേക്കായി.
5. സ്റ്റോക്ക് ഫയൽ/സ്പെയർ.

D:\Jothi 2016\Proceedings\E2-1830-14 dtd 25.01.16.doc

## Kerala Forest Department

## Combined Final State wise Select list of Employees for By Transfer appointment as LD Typist in Kerala Forest Department as on 01-12-2015

| Sl. No | Name | Designation | Date of birth | Qualification | Advice/Appointment order | Date of entry in service | Date of Seniority | District | Remarks |
|---|---|---|---|---|---|---|---|---|---|
| 1. | Raju.N.K | Office Attendant | 09.08.1968 | S.S.L.C Typewriting English & Malayalam (Lower), Computer word processing (Lower) | RIV (1) 2776/96 Dated 08/07/1999 KPSC, Thrissur | 13.08.1999 | 22.03.2002 | Thrissur | Inter Department Transfer |
| 2. | Sabu.V | Office Attendant | 20.05.1977 | BA, Typewriting English & Malayalam (Higher& Lower) Computer word processing | QR1 (4) 4870/01(15) dated 23/02/2004 of KPSC, Kollam | 01.04.2004 | 23/02/2004 | Kollam | |
| 3. | Divya.S | Office Attendant | 27.05.1981 | Bsc, Typewriting English & Malayalam (Lower), Computer word processing(Lower) | DTD (3) 6654/01 dated 09.08.2005, KPSC, Trivandrum | 21.10.2005 | 09.08.2005 | Trivandrum | |
| 4. | Asokan Kuttiyadan | Office Attendant | 05.04.1979 | BA, Typewriting English & Malayalam (Lower), Computer word processing English & Malayalam (Lower) | CI (2) 8328/2001 (5) dated, 18.10.2005 of KPSC, Kannur | 19.11.2005 | 18.10.2005 | Kannur | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 5. | M.Subhash | Office Attendant | 30.05.1979 | Pre-Degree. Typewriting English (Lower & Higher), Computer word processing English & Malayalam (Lower), Typewriting Malayalam (Lower) | QRI (3) dated 08.03.2006 of KPSC, Kollam | 10.05.2006 | 08.03.2006 | Kollam | |
| 6. | Sherly.R | Office Attendant | 25.05.1976 | B.com, Typewriting English & Malayalam (Lower), Computer Word Processing English (Lower) | DTD (3) 6654/01 dated 23.07.2007 of KPSC, Trivandrum | 30.08.2007 | 23.07.2007 | Trivandrum | |
| 7. | Rajani.V.R | Office Attendant | 14.05.1974 | B.A, Typewriting English & Malayalam (Higher), Computer word processing English & Malayalam (Lower) | RIV (1) 2122/2006(16) Dated 22.06.2009 KPSC, Thrissur | 17.07.2009 | 22.06.2009 | Thrissur | |
| 8. | P.R.Suresh Kumar | Depot Watcher | 31.05.1981 | M.A, Typewriting English & Malayalam (Lower), Computer word processing English & Malayalam (Lower) | K III (2) 3536/06 (5) dated 04.02.2011 of KPSC, Kottayam | 01.03.2011 | 04.02.2011 | Kottayam | |
| 9. | Shijimathai | Office Attendant | 30.05.1982 | M.Com, Typewriting English (Higher), Typewriting Malayalam Lower, Computer word processing English (Lower) | IDE (3) 2553/2006 dated 04.10.2011 of KPSC, Idukki | 26.12.2011 | 04.10.2011 | Idukki | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 10. | Savad.M.A | Driver | 31.05.1973 | S.S.L.C, Typewriting English & Malayalam (Higher) Computer word processing English (Lower) | WRI (3) 3786/06 dated 20.10.2011 of KPSC Wyanad. | 25.11.2011 | 20.10.2011 | Wyanad | |
| 11. | Shijila Augastine | Office Attendant | 19.04.1978 | MA Bed, Typewriting English & Malayalam (Lower) | WRI (1) 561/10 dated 25.10.2012 of KPSC, Wyanad | 09.11.2012 | 25.10.2012 | Wyanad | |
| 12. | Aneesh.C | Depot Watcher | 25.05.1985 | S.S.L.C, VHSC Office Secretary Ship, One year apprenticeship, in Office Secretary ship | QRI (3) 21/06 dated 30.10.2012 of KPSC, Kollam | 22.11.2012 | 30.10.2012 | Kollam | |

Additional Principal Chief Conservator of Forest
(Administration)